**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 802** **24-06-2026-ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ;

**മറുപടി:**

പട്ടാമ്പി നിയോജകമണ്ഡലത്തിൽ പട്ടാമ്പി നഗരസഭയിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 2.5 MLD ജലശുദ്ധീകരണ ശാലയുടെ നവീകരണവും 10 ലക്ഷം ലിറ്റർ ശേഷിയുള്ള Over Head Storage Reservoir നിർമാണത്തിനുമായി 9.75 കോടി രൂപയുടെ ഭരണാനുമതി നല്കി. നാല് പാക്കേജുകളിലായി ക്രമപ്പെടുത്തിയ പ്രവർത്തികളിൽ മൂന്ന് പാക്കേജുകളും ആരംഭിച്ചിട്ടുണ്ട്.

നാലാമത്തെ പാക്കേജ് ആയ 2.5 MLD ജലശുദ്ധീകരണ ശാലയുടെ നവീകരണ പ്രവർത്തിക്കായി 23.05.2026 വർക്ക് ഓർഡർ നൽകി, എന്നാൽ പ്രവർത്തിയുടെ കരാർ വെച്ചിട്ടില്ല.

കൂടാതെ അമൃത്-2 സ്വാപ്പ് -3 ഉൾപ്പെടുത്തി വിതരണ ശൃംഖലകളുടെ വിപുലീകരണത്തിനും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായ 103.5 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പ്രവർത്തി വർക് ഓർഡർ നൽകി കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രവർത്തി തുടങ്ങിയിട്ടില്ല.

പട്ടാമ്പി മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവർത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1ആയി ചേർക്കുന്നു

പട്ടാമ്പി നിയോജകമണ്ഡലത്തിലെ ചെങ്ങണാംകുന്ന് റെഗുലേറ്ററിന്റെ ഹോയിസ്റ്റിങ് ബ്രിഡ്ജ് കവറുകൾ എന്നിവയുടെ പെയിന്റിങ്, അറ്റകുറ്റ പണികൾക്കായി 29.3 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിൽ ഏർപ്പെട്ടാലുടൻ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

പട്ടാമ്പി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ട് ആരംഭിക്കാത്ത ജലസേചന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം. 2 ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ നിർമാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ആയത് എപ്പോൾ ആരംഭിക്കും എന്ന് അറിയിക്കാമോ?

**മറുപടി:** കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കരാർ ഉടൻ വയ്ക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു വരികയാണ്.

പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രത്തിൽ ജലസംഭരണിയും, ജലസേചന സൗകര്യവും എന്ന പദ്ധതിയ്ക്കായി ₹4.00 കോടി രൂപയുടെ ഭരണാനുമതി നല്കുകയും തുടർന്ന് KIIDC ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റിലും ഡിസൈനിലും വരുത്തേണ്ട മാറ്റങ്ങൾ ചർച്ച ചെയ്യുകയും, ജലസംഭരണിക്കും ജലസേചനത്തിനും ആവശ്യമായ അനുബന്ധ സംവിധാനങ്ങൾ ഡിസൈൻ ചെയ്യുകയും, അതനുസരിച്ച എസ്റ്റിമേറ്റ് തയാറാക്കുകയും ചെയ്തു. സാങ്കേതിക അനുമതി നൽകിയ പദ്ധതി ടെൻഡർ ചെയ്ത് 2.72 കോടി രൂപയുടെ കരാർ നടപ്പിലാക്കി. പ്രാരംഭഘട്ടത്തിലുള്ള തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പ്രവൃത്തികൾ പുരോഗമിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം 2

| ക്രമ നം, | പ്രവൃത്തിയുടെ പേര് | ഭരണാനുമതി ഉത്തരവ് തിയതി, തുക | റിമാർക്സ് |
|---|---|---|---|
| 1. | പട്ടാമ്പി ഇന്റഗ്രേറ്റഡ് ടൂറിസം പദ്ധതി -പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ കളങ്ങളുടെ നവീകരണവും ജല സംഭരണ സൌകര്യം ഏർപ്പെടുത്തലും സൌന്ദര്യ വൽക്കരണവും -കൊപ്പം പഞ്ചായത്തിലെ കൊട്ടുമുണ്ട കുളത്തിന്റെയും എറങ്ങോട്ട് കുളത്തിന്റെയും മുതുതല പഞ്ചായത്തിലെ എടല കുളത്തിന്റെയും നവീകരണവും സൌന്ദര്യ വൽക്കരണവും | G.O(Rt)No.252/2026/WRD തീയ്യതി: 09-03-2026 Rs. 436.9 ലക്ഷം | സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് 17.06.2026 - ന് ഈ കാര്യാലയത്തിൽ ലഭിച്ചു. ആയത് ഈ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 2. | എം.ഐ. മുൻഗണനാ പദ്ധതി: പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ വാരിയത്തൊടിയിൽ സ്ഥിതിചെയ്യുന്ന വള്ളൂർ തോടിൽ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തി. | AS/59D/25/49066 തീയ്യതി 20.02.2026 Rs. 30 ലക്ഷം | 11/06/2026 ന് പ്രവൃത്തി ആരംഭിച്ചു |
| 3. | ജനറൽ – തുടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ രണ്ടാം അക്വഡക്റ്റിന്റെ കേടുപാടുകൾ സംഭവിച്ച ഭാഗത്തിന്റെ പുനരുദ്ധാരണം – ഒന്നാം റീച്ചിൽ 200 മീറ്റർ നീളത്തിൽ ആദ്യ 40 മീറ്റർ ഭാഗത്ത് വശഭിത്തി പൊളിച്ചുനീക്കി 600 മില്ലീമീറ്റർ വ്യാസമുള്ള ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി | AS/59D/25/49197 തീയ്യതി: 24-02-2026 Rs.15 ലക്ഷം | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 4. | ജനറൽ – വിളയൂർ പഞ്ചായത്തിലെ തുടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ, ചെയിനേജ് 2640 മീറ്ററിൽ സ്ഥിതിചെയ്യുന്ന രണ്ടാം അക്വാഡക്റ്റിന്റെ കേടുപാടുകൾ സംഭവിച്ച ഭാഗം പുനരുദ്ധരിക്കുന്നതിനായി വശഭിത്തി പൊളിച്ചുനീക്കി ആകെ 200 മീറ്റർ നീളത്തിലുള്ള ഭാഗത്തിൽ രണ്ടാം 60 മീറ്റർ ദൂരത്തിൽ 600 മില്ലീമീറ്റർ വ്യാസമുള്ള പി.വി.സി./ജി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും, ചെയിനേജ് 3500 മീറ്ററിൽ കേടുപാടുകൾ സംഭവിച്ച കനാലിന്റെ ഭാഗം പുനർനിർമ്മിക്കുന്ന പ്രവൃത്തിയും – ജനറൽ സിവിൽ വർക്ക് | AS/59D/25/4 9377 തീയ്യതി: 28-02-2026 Rs.15 ലക്ഷം | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 5. | ജനറൽ – വിളയൂർ പഞ്ചായത്തിലെ ചടയൻപാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ, ചെയിനേജ് 0.00 മുതൽ 600 മീറ്റർ വരെ ജലസേചനത്തിനായി പി.വി.സി./ജി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | AS/59D/25/4 9355 Dated: 27-02-2026 Rs.15 ലക്ഷം | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| 6 | ജനറൽ – വിളയൂർ പഞ്ചായത്തിലെ തുടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി പമ്പ് ഹൗസിലേക്കുള്ള റോഡിന്റെയും നദിയിലേക്കുള്ള പടവുകളുടെയും നിർമ്മാണ പ്രവൃത്തി – ജനറൽ സിവിൽ വർക്ക്. | AS/59D/25/49 337 തീയ്യതി: 27-02-2026 Rs. 15 ലക്ഷം | കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട് |
| 7. | ജനറൽ – പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്തിലെ ആലിക്കൽ പള്ളിയാലിൽ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ നവീകരണവും ചെളിനീക്കം നടത്തുന്നതുമായ പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | AS/59D/25/49 378 തീയ്യതി: 28-02-2026 Rs.15 ലക്ഷം | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 8. | ജനറൽ – കനാൽ നവീകരണം 2025–2026 – പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ പഞ്ചായത്തിലെ കണ്ണംപാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാലുകളുടെ നവീകരണ പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | AS/59D/25/49 404 തീയ്യതി: 02-03-2026 Rs.15 ലക്ഷം | 30/05/2026 ന് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് |
| 9. | പട്ടാമ്പി ഇന്റെഗ്രേറ്റഡ് ടൂറിസം പദ്ധതി -പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ കുളങ്ങളുടെ നവീകരണവും ജല സംഭരണ സൌകര്യം ഏർപ്പെടുത്തലും സൌന്ദര്യ വൽക്കരണവും -ഓങ്ങല്ലൂർ പഞ്ചായത്തിലെ കണ്ടം കുളത്തിന്റെ നവീകരണവും സൌന്ദര്യ വൽക്കരണവും | G.O(Rt)No.25 2/2026/WRD തീയ്യതി : 09-03-2026 Rs. 200.6 ലക്ഷം | കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട് |
| 10 | പട്ടാമ്പി ഇന്റെഗ്രേറ്റഡ് ടൂറിസം പദ്ധതി -പട്ടാമ്പി നിയോജക മണ്ഡലത്തിലെ വിവിധ കുളങ്ങളുടെ നവീകരണവും ജല സംഭരണ സൌകര്യം ഏർപ്പെടുത്തലും സൌന്ദര്യ വൽക്കരണവും -കുലുക്കല്ലൂർ പഞ്ചായത്തിലെ വണ്ടുംതറ കുളത്തിന്റെ നവീകരണവും സൌന്ദര്യ വൽക്കരണവും | G.O(Rt)No.25 2/2 026/WRD തീയ്യതി : 09-03-2026 Rs. 162.5 ലക്ഷം | കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടു. |

**<u>അനുബന്ധം 1</u>**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|---|---|---|---|
| **Koppam** | 6805 | 135 | 6967 | 7102 | -297 | 6898 | 1894.00 |
| **Kulukkalloor** | 5564 | 993 | 5517 | 6510 | -946 | 5426 | 1915.00 |
| **Muthuthala** | 5984 | 1448 | 899 | 2347 | 3637 | 4993 | 4509.80 |
| **Ongallur** | 9712 | 1458 | 1659 | 3117 | 6595 | 8948 | 6073.64 |
| **Thiruvengappura** | 7148 | 3282 | 2518 | 5800 | 1348 | 4107 | 4441.80 |
| **Vallapuzha** | 6091 | 618 | 2278 | 2896 | 3195 | 5746 | 3785.00 |
| **Vilayur** | 5642 | 1539 | 4066 | 5605 | 37 | 3866 | 1731.00 |
| **Total** | **46946** | **9473** | **23904** | **33377** | **13569** | **39984** | **24350.24** |